# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

(നിലവിൽ : ശ്രീമതി. എം.എസ്.ജയ ഐ.എ.എസ്.)

തിരുവനന്തപുരം

ഉത്തരവ് നമ്പർ.E1-26138/2012

തീയതി: 13..08..2012

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ്- ജീവനക്കാര്യം- ശിശുവികസന പദ്ധതി ആഫീസർ സ്ഥലം മാറ്റ ഉത്തരവ് ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- എറണാകുളം ജില്ലാ സാമൂഹ്യക്ഷേമ ആഫീസറുടെ 6/8/2012ലെ SW/E11/1/2012 നമ്പർ കത്ത്.

പരാമർശം പ്രകാരം എറണാകുളം ജില്ലയിലെ വൈപ്പിൻ ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. ആശാസുമന തുടർച്ചയായി അവധിയിൽ പോയിരിക്കുന്നതിനാൽ ടി പ്രോജക്ടിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നതായും, ടിപ്രോജക്ടിൽ എറണാകുളം വനിതാ വികലാംഗസദനം സൂപ്രണ്ടായ ശ്രീമതി. പി.കെ.കദീജാമ്മയെ നിയമിക്കണമെന്നും എറണാകുളം ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ എറണാകുളം വനിതാ വികലാംഗസദനം സൂപ്രണ്ടായ ശ്രീമതി. പി.കെ.കദീജാമ്മയെ വൈപ്പിൻ ശിശുവികസന പദ്ധതി ആഫീസറായും, വൈപ്പിൻ ശിശുവികസന പദ്ധതി ആഫീസറായ ശ്രീമതി. ആശാസുമനയെ (അവധിയിൽ) എറണാകുളം വനിതാ വികലാംഗസദനം സൂപ്രണ്ടായും സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി. ആശാസുമനയുടെ അവധിക്കാലത്ത് എറണാകുളം വനിതാ വികലാംഗസദനം സൂപ്രണ്ടിന്റെ പൂർണ്ണ അധികച്ചുമതല എറണാകുളം മഹിളാമന്ദിരം സൂപ്രണ്ട് ശ്രീമതി. വാസന്തി അമ്മാൾ വഹിക്കേണ്ടതാണ്.

മേൽ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിച്ച ആഫീസർമാർ ഉടൻ ചുമതല ഏറ്റെടുക്കേണ്ടതും, ചുമതലകൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യക്ഷേമ ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്

1) അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ/ പ്രോഗ്രാം ആഫീസർ, എറണാകുളം.
3) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.